"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - അച്ചടി വകുപ്പിൽ മെ. ആക്മെ സെയിൽസ് കോർപ്പറേഷൻ ഫയൽ ചെയ്ത ആർബിട്രേഷൻ (നം. 34) കേസിലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് അച്ചടി വകുപ്പിലെ ഉദ്യോഗസ്ഥർ വിമാന യാത്ര ചെയ്ത നടപടി സാധൂകരിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.24/2023/SPD തീയതി,തിരുവനന്തപുരം, 04-03-2023

---

പരാമർശം:-

1. ധനകാര്യ വകുപ്പിന്റെ 16/02/2019ലെ G.O(P) No. 12/2019/Fin നമ്പർ ഉത്തരവ്.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 22/11/2022, തീയതിയിലെ 1479/2017/ജി3 നമ്പർ കത്ത്
3. 11/11/2022-ലെ സ.ഉ.(സാധാ) 76/2022/SPD നമ്പർ സർക്കാർ ഉത്തരവ്.
4. അച്ചടി വകുപ്പ് ഡയറക്ടറുടെ 15/12/2022-തീയതിയിലെ 1479/2017/ജി3 നമ്പർ കത്ത്.

**ഉത്തരവ്**

അച്ചടി വകുപ്പിൽ വിവിധ മെഷീനുകൾ വാങ്ങുന്നതിനായി മെ. ആക്മെ സെയിൽസ് കോർപ്പറേഷനുമായി ഏർപ്പെട്ട കരാറിൽ കരാർ വ്യവസ്ഥാ ലംഘനം ഉണ്ടായ സാഹചര്യത്തിൽ, പ്രസ്തുത സ്ഥാപനത്തിനെതിരെ അച്ചടി വകുപ്പ് നടപടി സ്വീകരിക്കുകയുണ്ടായി. ആയതിനെതിരെ ടി സ്ഥാപനം MSME കൗൺസിൽ മുമ്പാകെ ഫയൽ ചെയ്ത ആർബിട്രേഷൻ കേസിൽ 28/07/2022-ൽ വിധിവരുകയും അതിനെതിരായി ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ ആക്ടിന്റെ സെക്ഷൻ 34 പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിന് അച്ചടി വകുപ്പിലെ 3 ഉദ്യോഗസ്ഥരെ പരാമർശം (3) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം അച്ചടി വകുപ്പിലെ 3 ഉദ്യോഗസ്ഥർ അമൃത്സറിലെ അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയുടെ മുമ്പാകെ എക്സിക്യൂഷൻ പെറ്റീഷനെതിരെ സ്റ്റേ പെറ്റീഷൻ/ അപ്പീൽ ഫയൽ ചെയ്യുന്നതിന് യാത്ര ചെയ്യുകയുമുണ്ടായി.

2) ഇതേ കേസിൽ രേഖകൾ വീണ്ടും സമർപ്പിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ 24/11/2022-ന് തിരുവനന്തപുരത്തുനിന്ന് യാത്ര തിരിച്ച് പഞ്ചാബ് അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ 25/11/2022-ൽ എത്തുകയും ആപ്ലിക്കേഷൻ അഫിഡവിറ്റുകൾ ഒപ്പുവയ്ക്കുകയും ആയത് 03/12/2022-ന് അമൃതസർ ഡിസ്ട്രിക്ട് ആന്റ് സെക്ഷൻസ് കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തത് അടിയന്തിര സാഹചര്യം പരിഗണിച്ച്, അച്ചടി വകുപ്പിലെ ക്ലാസ് I ഓഫീസർമാരല്ലാത്ത താഴെ ചേർത്തിട്ടുള്ള

ഉദ്യോഗസ്ഥർക്ക് വിമാന യാത്രയ്ക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി വകുപ്പ് മേധാവി നിർവഹിക്കേണ്ടിയിരുന്ന ഒരു ഉത്തരവാദിത്വം ആയിരുന്നു ഇത്. അച്ചടി വകുപ്പിലെ 3 ജീവനക്കാരും ആദ്യം സർക്കാർ ഉത്തരവ് പ്രകാരവും തുടർന്ന് വകുപ്പ് മേധാവിയുടെ ഉത്തരവ് പ്രകാരമാണ് പോയിട്ടുള്ളത്. സർക്കാരിന് അധിക സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കുന്ന ഇത്തരം നടപടികൾ (ക്ലാസ് I ഓഫീസർമാരല്ലാത്ത ഉദ്യോഗസ്ഥർ വിമാന യാത്ര ചെയ്യുന്നത്) മേലിൽ സ്വീകരിക്കുവാൻ പാടുള്ളതല്ല എന്ന നിബന്ധനയിന്മേൽ, മെ. ആക്മെ സെയിൽസ് കോർപ്പറേഷൻ ഫയൽ ചെയ്ത ആർബിട്രേഷൻ (നം. 34) കേസിലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് അച്ചടി വകുപ്പിലെ താഴെ ചേർത്തിട്ടുള്ള ക്ലാസ് I ഓഫീസർമാരല്ലാത്ത ഉദ്യോഗസ്ഥർ ർ വിമാന യാത്ര ചെയ്ത നടപടി സാധൂകരിച്ചു നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീ.ടി.വീരാൻ , സൂപ്രണ്ട് ഓഫ് ഗവ.പ്രസ്സസ് (i/c)
2. ശ്രീ.കെ.ജി.ത്യാഗി, ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) തിരുവനന്തപുരം
3. ശ്രീ.സുധീർ കുമാർ.കെ. ഡെപ്യൂട്ടി സൂപ്രണ്ട് (ഇൻ ചാർജ്) സ്റ്റാമ്പ് മാനുഫാക്ടറി, തിരുവനന്തപുരം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-
അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (അച്ചടി വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Bindu V K
Date: 04-03-2023 12:45:04